**കേരള സർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം. സി.ഡി.എൻ.4/205/2017/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 14-12-2017

## പരിപത്രം

വിഷയം :- ഓഖി ചുഴലിക്കാറ്റ് — മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും രണ്ട് ദിവസത്തെ വേതനം സംഭാവനയായി നല്കുന്നതിനുള്ള അഭ്യർത്ഥന സംബന്ധിച്ച്.

ഓഖി ചുഴലിക്കാറ്റിനാൽ ദുരിതമനുഭവിക്കുന്ന മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്കും മറ്റ് ദുരിത ബാധിതർക്കും ആശ്വാസമാകത്തക്കവിധം കൂടുതൽ സഹായം ലഭ്യമാക്കുന്നതിലേക്കായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിൽ നിന്നും രണ്ട് ദിവസത്തെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകാൻ അഭ്യർത്ഥിക്കുന്നു.

ഇക്കാര്യത്തിനായി സംഭാവന നൽകാൻ താൽപ്പര്യമുള്ള സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും രണ്ട് ദിവസത്തെ വേതനം, അവരുടെ സമ്മതത്തിനു വിധേയമായി (സമ്മത പത്രത്തിന്റെ മാതൃക ഇതോടൊപ്പം ചേർക്കുന്നു) കുറവു ചെയ്ത് പ്രസ്തുത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടയ്ക്കുന്നതിന് ബന്ധപ്പെട്ട ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സ്മെന്റ് ഓഫീസർമാരെ അധികാരപ്പെടുത്തേണ്ടതാണെന്ന് എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിർദ്ദേശം നൽകുന്നു.

**കെ.എം.എബ്രഹാം**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഓ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596

നം. K3/92995/2017
12.2017

രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്,
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
പൊതുഭരണ (അക്കൗണ്ട്സ്-ഐ) വകുപ്പിന് (ആവശ്യമായ ക്രമീകരണങ്ങൾ സജ്ജീകരിക്കുന്നതിനായി)
പൊതുഭരണ (ക്യാഷ്) വകുപ്പിന് (അറിവിലേക്കായി)
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
ഗസറ്റഡ് ഓഫീസർമാർക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## സമ്മത പത്രത്തിന്റെ മാതൃക

ഓഖി ചുഴലിക്കാറ്റ് ദുരിതബാധിതരെ സഹായിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എന്റെ രണ്ട് ദിവസത്തെ വേതനമായ ------------രൂപ (--------------------------------------------------------------------- രൂപ മാത്രം) ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നതിന് ഞാൻ ഇതിനാൽ സമ്മതം രേഖപ്പെടുത്തുന്നു.

ഒപ്പ്
പേര്
തസ്തിക
ഓഫീസ്

സ്ഥലം
തീയതി